പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്

58 (63) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര വർഷമായി; ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം കൊടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുമോ;

(ഡി) ഈ ലിസ്റ്റിൽ നിന്നും മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് 2 വർഷവും 11 മാസവും കഴിഞ്ഞു. ഈ ലിസ്റ്റിന്റെ കാലാവധി 31-3-2015-ന് അവസാനിക്കും.

(ബി) 11-2-2015 വരെ ആകെ 709 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലുള്ള ഒഴിവുകളും 2015 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും തന്നെ നിയമനം നടത്താറുണ്ട്. മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ സാധിക്കുമോ എന്ന് മുൻകൂട്ടി പറയാൻ സാധിക്കില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly